**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4259** — **13.12.2018 ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമ ബോർഡിന്റെയും യുവജനകമ്മീഷന്റെയും പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ.ഷംസീർ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.യു.ആർ. പ്രദീപ്<br>ശ്രീ.ആർ. രാജേഷ് | ശ്രീ.ഇ.പി.ജയരാജൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി യുവജനക്ഷേമ ബോർഡ്, യുവജന കമ്മീഷൻ എന്നിവ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കേരളോത്സവം<br>2. സംരംഭകത്വ വികസന ശില്പശാല<br>3. യുവസാഹിത്യക്യാമ്പ്<br>4. യുവശക്തി പദ്ധതി<br>5. യുവാക്ലബ്ബ് പദ്ധതി<br>6. ദിനാചരണങ്ങൾ<br>7. നാടൻകലാ പരിശീലനം (നാഷണൽ ഫോക് ഫെസ്റ്റ്)<br>8. പി.എസ്.സി പരിശീലനം<br>9. ഷോർട്ട് ഫിലിം ഫെസ്റ്റിവൽ<br>10. പാരിസ്ഥിതിക പ്രവർത്തനങ്ങൾ<br>11. ബോധവത്ക്കരണ പരിപാടികൾ<br>12. ലഹരി വിരുദ്ധ പരിപാടികൾ<br>13. സാഹസിക പരിശീലനങ്ങൾ<br>14. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ<br>15. വനിതാ ശില്പശാല<br>16. വ്യക്തിത്വ വികസന പരിശീലനങ്ങൾ<br>17. സ്വയംതൊഴിൽ പരിശീലനം |

| | | | |
|---|---|---|---|
| | | | 18. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരണം<br>19. ജോബ് ഫെസ്റ്റ്<br>20. സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം<br>സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി യുവജന കമ്മീഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കോളേജുകളിലും കോളനികളിലും മദ്യം-മയക്കു മരുന്ന് ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച ബോധവത്ക്കരണം<br>2. യുവാക്കളെ സംബന്ധിക്കുന്ന വിവിധ വിഷയങ്ങളെ ഉൾപ്പെടുത്തി നടത്തുന്ന ദേശീയ സെമിനാർ<br>3. ജില്ലാതലത്തിൽ നടത്തുന്ന സെമിനാർ/ ശിൽപശാലകൾ<br>4. ദേശീയ യുവജന ദിനാഘോഷം<br>5. യുവജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ലകൾ തോറും സംഘടിപ്പിക്കുന്ന ജില്ലാ അദാലത്ത്.<br>6. ജോബ് പോർട്ടൽ പദ്ധതി<br>7. യൂത്ത് ഐക്കൺ അവാർഡ്<br>8. പ്രകൃതി സംരക്ഷണത്തിനായി രൂപീകരിച്ച ഗ്രീൻ യൂത്ത്.<br>9. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ<br>10. മഹിളാ മന്ദിരത്തിലെ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം. |
| (ബി) | യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ യുവസംരംഭകർക്കും വിദ്യാർത്ഥി സംരംഭകർക്കുമായി സംഘടിപ്പിച്ച കീ സമ്മിറ്റിൽ ഏതെല്ലാം സംരംഭക സംഘടനകളും സർക്കാർ ഏജൻസികളുമാണ് പങ്കെടുത്തിട്ടുള്ളതെന്നും പ്രസ്തുത ശിൽപശാലയിൽ ഉരുത്തിരിഞ്ഞ നൂതന ആശയങ്ങൾ എന്തൊക്കെയാണെന്നും<br>അറിയിക്കാമോ ; | (ബി) | യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കീ.സമ്മിറ്റ് 2018-ൽ കെ.എസ്.ഐ.ഡി.സി, കേരള സ്റ്റാർട്ട് അപ് മിഷൻ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, ജില്ലാ വ്യവസായ കേന്ദ്രം എന്നീ സർക്കാർ ഏജൻസികളും ചുവടെ പറയുന്ന സംരംഭക സംഘടനകളും പങ്കെടുക്കുകയുണ്ടായി.<br>1. ഈസ്റ്റേൺ ഗ്രൂപ്പ്<br>2. ടൈ കേരള<br>3. മേക്കർ വില്ലേജ്<br>4. വിഹബ്<br>5. യു.എസ്.റ്റി ഗ്ലോബൽ<br>6. പ്രശസ്ത വെഞ്ച്വർ ക്യാപിറ്റലിസ്റ്റുകളായ ശ്രീ.നാഗരാജ പ്രകാശം, പ്രയങ്ക് സ്വരൂപ്.<br>7. കോർപ്പറേറ്റ് 360 |

| | | | |
|---|---|---|---|
| | | | 8. കാർബൺ മാസ്റ്റേഴ്സ്<br>9. നവാൾട്ട് സോളാർബോട്ട്<br>10. ആൽഡ്രിൻ വെഞ്ചർ<br>11. പ്യുവർ ലിവിംഗ് ഫൗണ്ടേഷൻ<br>12. ഫോർച്യൂൺ ഫാക്ടറി<br>13. ഇംപ്രസ്സ<br>14. ഫാർമേഴ്സ് ഫ്രഷ് സോൺ<br>15. ജാക്ഫ്രൂട്ട് 365<br><br>ടി ശില്പശാലയിൽ,കീടനാശിനികൾ ഒഴിവാക്കി, തീർത്തും വിഷമുക്തമായ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, നഗരങ്ങളിൽ ചെറുകാലയളവിലേക്ക് താമസത്തിനെത്തുന്നവർക്ക് ഫർണീച്ചറുകളും, ഗൃഹോപകരണങ്ങളും മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്ന ഓൺലൈൻ പദ്ധതി, കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി വിളകൾ ശേഖരിച്ച് ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവശ്യക്കാർക്ക് എത്തിച്ച് കൃഷിയേയും കർഷകരെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, പൊതുസ്ഥലങ്ങളിൽ ആൾക്കൂട്ടത്തിന് നടുവിൽ സ്വകാര്യത നഷ്ടപ്പെടാതെ സ്ത്രീകൾക്ക് സൗകര്യപ്രദവും സുരക്ഷിതവുമായി കുഞ്ഞുങ്ങളെ മുലയൂട്ടാൻ സാധിക്കുന്ന വിധത്തിൽ സൗകര്യം ഒരുക്കുന്ന പദ്ധതി, ഭിന്നശേഷിക്കാർക്ക് സ്വന്തം കഴിവുകൾ വികസിപ്പിച്ച് മാന്യമായ വരുമാനം നേടിക്കൊടുക്കുവാനും അവരെ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനും ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾ തുടങ്ങി, യുവാക്കളുടെ കർമ്മശേഷി സംരംഭകത്വ മേഖലയിൽ ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള ആശയങ്ങളാണ് രണ്ട് ദിവസത്തെ ശിൽപശാലയിൽ രൂപം കൊണ്ടത്. |
| (സി) | യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമായ നിയമസഹായം നൽകുന്നതിനും യുവജനകമ്മീഷൻ, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (സി) | യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമായ നിയമ സഹായം നൽകുന്നതിനും യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**